**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **27-01-2026 - ൽ മറുപടിയ്ക്ക്**

**ജയിൽ തടവുകാരുടെ വേതന വർധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിൽ തടവുകാരുടെ വേതനം 530 മുതൽ 620 രൂപ വരെ ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചും ജയിൽ ചട്ടമനുസരിച്ചും കഠിനതടവിന് ശിക്ഷിക്കപ്പെട്ട എല്ലാ അന്തേവാസികൾക്കും ജയിലുകളിൽ തൊഴിലും വേതനവും നൽകേണ്ടതുണ്ട്.<br><br>തടവുകാർ ചെയ്യുന്ന തൊഴിലിന് ന്യായമായ വേതനം നൽകണമെന്നത് ഭരണഘടനാപരമായ തത്വമാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. വേതനനിർണ്ണയം യുക്തിസഹവും മാനുഷികവുമായ മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു.<br><br>സംസ്ഥാനത്തെ ജയിൽ തടവുകാരുടെ വേതനം ഇതിനു മുമ്പ് പരിഷ്കരിച്ചത് 2018ൽ ആണ്. 2016ലെ മോഡൽ പ്രിസൺ മാനുവൽ പ്രകാരം 3 വർഷത്തിലൊരിക്കൽ വേതനം പരിഷ്കരിക്കേണ്ടതുണ്ട്.<br><br>തടവുകാർ ആർജ്ജിക്കുന്ന വേതനത്തിന്റെ ഒരു വിഹിതം അതത് സംഭവങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി നിയമനിർമ്മാണം നടത്താൻ ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്ത് 2017ൽ നിലവിൽ വന്ന വിക്ടിം കോംപൻസേഷൻ 2021ൽ പരിഷ്കരിക്കുകയും ചെയ്തിരുന്നു.<br><br>വിവിധ സംസ്ഥാനങ്ങളിൽ, നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്നതിനേക്കാൾ ഉയർന്ന വേതന നിരക്കാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ ഏഴ് വർഷമായി നിരക്കുകളിൽ മാറ്റം വരുത്താത്ത സാഹചര്യത്തിൽ കാലോചിതവും ശാസ്ത്രീയവുമായ മാറ്റം വരുത്തുന്നതിന് ജയിൽ മേധാവി ശിപാർശ |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് വേതനം പരിഷ്കരിച്ചത്.<br><br>കർണ്ണാടകം ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളിൽ നിലവിൽ സ്കിൽഡ്, സെമി-സ്കിൽഡ്, അൺ-സ്കിൽഡ് വിഭാഗങ്ങൾക്ക് നൽകുന്നനിരക്കിന് ആനുപാതികമായാണ് പരിഷ്കരണം.<br><br>വേതനത്തിന്റെ 50% കുടുംബ വിഹിതമായും 25% കാന്റീൻ വിഹിതമായും 25% മോചനവിഹിതമായുമാണ് കണക്കാക്കപ്പെടുന്നത്. കുടുംബാംഗങ്ങളുടെ കഷ്ടപ്പാടുകളും സാമ്പത്തിക പരാധീനതകളും ബോധ്യപ്പെടുത്തുന്ന അന്തേവാസിക്ക് മോചനവിഹിതത്തിൽ നിന്ന് സഹായം അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്.<br><br>പരിഷ്കരിച്ച വേതനം പൂർണ്ണമായും തടവുകാരന് ലഭിക്കുകയില്ല. തുകയുടെ നിശ്ചിത ശതമാനം ഇരകൾക്കുള്ള നഷ്ടപരിഹാരനിധിയിലേയ്ക്കും ജയിലിലെ അവരുടെ ചെലവിലേയ്ക്കും അവരുടെ കുടുംബങ്ങളിലേയ്ക്കുമായാണ് മാറ്റിവയ്ക്കപ്പെടുക. ഇത് തടവുകാർക്ക് നേരിട്ട് നൽകുന്ന വേതനമല്ല. മറിച്ച്, ഇരകളുടെ ക്ഷേമത്തിനും തടവുകാരുടെ പുനരധിവാസത്തിനുമുള്ള സംവിധാനമാണ്. |
| (ബി) | തടവുകാരുടെ വേതനം ക്രമാതീതമായി ഉയർത്തിയതിന് കാരണം വ്യക്തമാക്കാമോ; | (ബി) | ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചും ജയിൽ ചട്ടമനുസരിച്ചും കഠിനതടവിന് ശിക്ഷിക്കപ്പെട്ട എല്ലാ അന്തേവാസികൾക്കും ജയിലുകളിൽ തൊഴിലും വേതനവും നൽകേണ്ടതുണ്ട്.<br><br>തടവുകാർ ചെയ്യുന്ന തൊഴിലിന് ന്യായമായ വേതനം നൽകണമെന്നത് ഭരണഘടനാപരമായ തത്വമാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. വേതനനിർണ്ണയം യുക്തിസഹവും മാനുഷികവുമായ മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു.<br><br>സംസ്ഥാനത്തെ ജയിൽ തടവുകാരുടെ വേതനം ഇതിനു മുമ്പ് പരിഷ്കരിച്ചത് 2018ൽ ആണ്. 2016ലെ മോഡൽ പ്രിസൺ മാനുവൽ പ്രകാരം 3 വർഷത്തിലൊരിക്കൽ വേതനം പരിഷ്കരിക്കേണ്ടതുണ്ട്.<br><br>തടവുകാർ ആർജ്ജിക്കുന്ന വേതനത്തിന്റെ ഒരു വിഹിതം അതത് സംഭവങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി നിയമനിർമ്മാണം നടത്താൻ ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്ത് 2017ൽ നിലവിൽ വന്ന |

| | | | |
|---|---|---|---|
| | | | വിക്റ്റിം കോംപൻസേഷൻ 2021ൽ പരിഷ്കരിക്കുകയും ചെയ്തിരുന്നു.<br><br>വിവിധ സംസ്ഥാനങ്ങളിൽ, നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്നതിനേക്കാൾ ഉയർന്ന വേതന നിരക്കാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ ഏഴ് വർഷമായി നിരക്കുകളിൽ മാറ്റം വരുത്താത്ത സാഹചര്യത്തിൽ കാലോചിതവും ശാസ്ത്രീയവുമായ മാറ്റം വരുത്തുന്നതിന് ജയിൽ മേധാവി ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് വേതനം പരിഷ്കരിച്ചത്.<br><br>കർണ്ണാടകം ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളിൽ നിലവിൽ സ്കിൽഡ്, സെമി-സ്കിൽഡ്, അൺ-സ്കിൽഡ് വിഭാഗങ്ങൾക്ക് നൽകുന്നനിരക്കിന് ആനുപാതികമായാണ് പരിഷ്കരണം.<br><br>വേതനത്തിന്റെ 50% കുടുംബ വിഹിതമായും 25% കാന്റീൻ വിഹിതമായും 25% മോചനവിഹിതമായുമാണ് കണക്കാക്കപ്പെടുന്നത്. കുടുംബാംഗങ്ങളുടെ കഷ്ടപ്പാടുകളും സാമ്പത്തിക പരാധീനതകളും ബോധ്യപ്പെടുത്തുന്ന അന്തേവാസിക്ക് മോചനവിഹിതത്തിൽ നിന്ന് സഹായം അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്.<br><br>പരിഷ്കരിച്ച വേതനം പൂർണ്ണമായും തടവുകാരന് ലഭിക്കുകയില്ല. തുകയുടെ നിശ്ചിത ശതമാനം ഇരകൾക്കുള്ള നഷ്ടപരിഹാരനിധിയിലേയ്ക്കും ജയിലിലെ അവരുടെ ചെലവിലേയ്ക്കും അവരുടെ കുടുംബങ്ങളിലേയ്ക്കുമായാണ് മാറ്റിവയ്ക്കപ്പെടുക. ഇത് തടവുകാർക്ക് നേരിട്ട് നൽകുന്ന വേതനമല്ല. മറിച്ച്, ഇരകളുടെ ക്ഷേമത്തിനും തടവുകാരുടെ പുനരധിവാസത്തിനുമുള്ള സംവിധാനമാണ്. |
| (സി) | തടവുകാർക്ക് നിലവിൽ ഇൻസെന്റീവ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉയർന്ന ഉൽപ്പാദനത്തിന് സാധ്യതയുള്ള തുറന്ന ജയിലുകളിൽ പരമ്പരാഗതമായി നടത്തിവരുന്ന റബ്ബർ ടാപ്പിംഗ്, കല്ല് വെട്ട് എന്നീ ജോലികളിൽ ഏർപ്പെടുന്ന തടവുകാർക്ക് അധിക വേതനം ലഭിക്കുന്നുണ്ടായിരുന്നു. ആറ് തരത്തിലുള്ള വേതനനിരക്ക് നിലവിലുണ്ടായിരുന്നത് മൂന്ന് വിഭാഗമായി ക്രമീകരിച്ചതിനെ തുടർന്ന് വാർഷിക ഉൽപ്പാദനത്തെ അടിസ്ഥാനപ്പെടുത്തി അതത് വർഷം ഓണക്കാലത്ത് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഒരു ഇൻസെന്റീവ് കൂടി തുറന്ന ജയിലുകളിൽ ബാധകമാക്കി. |

സെക്ഷൻ ഓഫീസർ